(ബി) സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് അത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ് നല്ല നടപ്പ് തുടങ്ങി (സി. ആർ. പി. സി. 107, 110) നിയമാനുസൃത പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി, ഡി) നിലവിലുള്ള നിയമങ്ങൾ ഫലപ്രദമല്ലാത്തതിനാൽ, ഫലപ്രദമായ നിയമം കൊണ്ടുവരുന്നതിന് തയ്യാറാക്കിയ കരട് നിയമം പരിഗണനയിലാണ്.

(ഇ, എഫ്) പണമിടപാട് സംബന്ധമായ സംഘടിത അക്രമങ്ങളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആരും മരണപ്പെട്ടിട്ടില്ല. അതിനാൽ മരണം സംബന്ധിച്ച് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

പരിസര മലിനീകരണം തടയാൻ നടപടി

*28 [28] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വഴിയോരങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റും രാത്രി കാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ പകർച്ചവ്യാധികളും പരിസര മലിനീകരണവും ഉണ്ടാകാൻ സാദ്ധ്യതയുള്ളതായ റിപ്പോർട്ടുകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവണത തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) അവശിഷ്ട സംസ്കരണ സംവിധാനം ഉറപ്പാക്കിയവർക്കുമാത്രമേ കശാപ്പുശാലകളും മാംസവിൽപ്പന ശാലകളും നടത്തുന്നതിന് ലൈസൻസുകൾ നൽകാവൂ എന്ന നിയമം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഈ നിയമം നടപ്പിലാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) സസ്യേതര ഭക്ഷണശാലകൾക്ക് സ്വന്തമായി ജൈവാവശിഷ്ട സംസ്കരണ സംവിധാനം നിയമം വഴി നടപ്പിലാക്കുമോ;

(എഫ്) വഴിവക്കിൽ ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നവർക്ക് കഠിനശിക്ഷ ഉറപ്പാക്കാനും നിലവിലുള്ള ശിക്ഷ വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നഗരങ്ങളിലെ വഴിയോരങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റും രാത്രി കാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ പകർച്ചവ്യാധികളും പരിസര മലിനീകരണവും ഉണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് മാംസവിൽപ്പന നടത്തുന്നവർക്ക് ടി വിൽപ്പനശാലകളിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയുള്ളു എന്ന് തദ്ദേശ സ്വയംഭരണ അധികാരികൾ നിഷ്കർഷിക്കുന്നുണ്ട്. ടി ലൈസൻസ് നൽകുന്നത് കേരള മുനിസിപ്പാലിറ്റി ആക്ട് 444, 447 എന്നീ വകുപ്പുകൾ പ്രകാരമാണ്. പൊതു നിരത്തുകളിലും തോടുകളിലും ഇത്തരം അവശിഷ്ടങ്ങളും മറ്റും നിക്ഷേപിക്കുന്നവരെ കണ്ടുപിടിച്ച് അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും കേരള മുനിസിപ്പാലിറ്റി ആക്ട് 340(1), (2) വകുപ്പ് പ്രകാരം പിഴ ഈടാക്കുകയും ചെയ്തുവരുന്നു. കൂടാതെ രാത്രി കാലങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റും പൊതു നിരത്തുകളിലും തോടുകളിലും വാഹനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നവരെ കണ്ടെത്തി മേൽ നടപടികൾക്ക് പോലീസിനെ അറിയിക്കാറുണ്ട്.

(സി) അവശിഷ്ട സംസ്കരണ സംവിധാനം ഉറപ്പാക്കിയവർക്ക് മാത്രമേ ലൈസൻസ് നൽകാവൂ എന്ന നിയമം നിലവിലില്ല. എന്നാൽ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 (3) പ്രകാരം കൗൺസിലിന് യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അപായകരമോ അസഹ്യമോ ആയ ഒരു വ്യാപാരം നടത്തുന്നതിനായി ഒരു സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകുകയോ അല്ലെങ്കിൽ അപ്രകാരമുള്ള ലൈസൻസ് നൽകുന്നത് പൊതു താല്പര്യാർത്ഥം നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(ഡി) നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കാൻ നഗരസഭകൾ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) സസ്യേതര ഭക്ഷണശാലകൾക്ക് സ്വന്തമായി ജൈവാവശിഷ്ട സംസ്കരണ സംവിധാനം നിയമം വഴി നടപ്പിലാക്കുന്ന കാര്യം ആലോചിച്ച് നടപ്പിലാക്കുന്നതാണ്.

(എഫ്) ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നവർക്ക് മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340(2) പ്രകാരം പിഴ അടയ്ക്കാനുള്ള നോട്ടീസ് തിരുവനന്തപുരം നഗരസഭ നൽകിയിട്ടുണ്ട്. മറ്റുള്ള നഗരസഭകളിലും ഇത്തരം നടപടി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly